**Gazette Date : 31.12.2024**
**Last Date : 29.01.2025**
**CATEGORY NO: 742/2024**

Applications are invited online only by One Time Registration exclusively from qualified candidates for selection to the undermentioned post in Kerala Government Service. Applications must be submitted online through the official website of the Kerala Public Service Commission after One Time Registration. Candidates who have already registered can apply through their profile.

1. **Department** : **Local Self Government**
2. **Name of post** : **Librarian Grade IV and Cultural Assistant**
3. **Scale of pay** : **₹ 31100- 66800/-**
4. **Number of vacancies** : **District- wise**

| DISTRICT | VACANCIES |
|---|---|
| **Pathanamthitta** | Anticipated Vacancies |
| **Palakkad** | |
| **Malappuram** | |
| **Kozhikode** | 04 (Four) |
| **Wayanad** | 01 (One) |
| **Kannur** | 01 (One) |

All vacancies set apart as per PWD Act 2016 due to the Non availability of candidates belonging to DA category in Ranked List for the post of Librarian Grade IV in Municipal Common Service and Librarian in Panchayath Department will be filled up from the candidates belonging to the same DA category from the Ranked List published for the post of Librarian Grade IV and Cultural Assistant in Local Self Government Department for respective districts as per notification. If candidates are not available in the respective DA category, the vacancies will be filled up from other available DA categories and in the absence of DA candidates, the vacancies will be filled up from General category. Three vacancies reported for the post of Librarian in Panchayath Department in Kozhikode district is included in the vacancies shown above, for Kozhikode district.

**Notes**:

(i) Separate Ranked List will be prepared for each District in pursuance of this notification. The Ranked List thus prepared and published by the Commission shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against vacancies reported during the currency of the lists. In case no candidate is advised from the list till the expiry of the period of three years, the duration of the Ranked List shall be extended for a further period of one year or till atleast one candidate is advised from the list whichever is earlier.

(ii) The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in G.O(MS)No.154/71/PD dated 27/05/1971. A candidate advised for appointment in one Revenue District from the Ranked List prepared is not eligible for transfer to another district unless he/she completes 5 years of continuous service from the date of commencement of service in the former district. Even if transfer is allowed after 5 years, it will be subject to the rules in G.O(P)No.36/91/P&ARD dated 02/12/1991. Candidates already in

Government Service holding the same post in any one district are prohibited from applying again for this post, but they can apply to higher/lower posts when notified.

(iii) Candidates should submit application for the post to any one of the above districts and should note the name of the district against the relevant column in the Online application. Applications should not be sent to more than one district in response to this notification. If applications are sent contrary to the above direction, and if the candidate is selected, his/her name will be removed from the Ranked List and disciplinary action will be taken against him/her.

(iv) 4% of the total vacancies reported for the above post shall be reserved for eligible differently abled candidates with disabilities as specified by G.O (P) No. 05/2023/SJD dated 01.10.2023 and G.O (P) No. 75/2022/LSGD dated 27.10.2022.
**(LINK :** Present Order for Rights of Persons with Disabilities Act, 2016 Section 34**)**

**5. Method of appointment** : Direct Recruitment

**6. Age Limit** : 18-36. Only Candidates born between 02.01.1988 and 01.01.2006 (both dates included) are eligible to apply for this post with usual age relaxation to candidates belonging to Scheduled Castes, Scheduled Tribes and Other Backward Classes

Note :- For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years, please see para (2) of the General Conditions under Part II of the Gazette Notification.

**7. Qualifications** :-

(i) S.S.L.C. or its equivalent and Certificate in Library Science recognized by the Government.

OR

(ii) S.S.L.C. or its equivalent and Diploma in Library Science.

OR

(iii) Degree in Library and Information Science.

**Note : -**

**1.** Rule 10 (a) (ii) of KS&SSR Part II is applicable.

**2.** In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

**8. Method of Submitting Applications**:-

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have already registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded. The photograph once uploaded meeting all requirements shall be valid for 10 years from the date of photograph taken. Those candidates who are creating new profile should upload photograph taken within the last six months from the date of their

registration. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for.

**(b)** If Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets prior to 15 days of date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**(c) Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

**9. Last date of receipt of applications : 29.01.2025 Wednesday up to 12 midnight.**

**10. Website to which applications are to be submitted** : 'www.keralapsc.gov.in'

**11. Special Instructions to candidates:-**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate/Community Certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(Candidates must see the General Conditions in Part II of the Gazette notification for instructions regarding Photo, Identity Proof etc.)**

**SAJU GEORGE**

**SECRETARY**

**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 742/2024

കേരള സർക്കാർ സർവ്വീസിൽ ചുവടെ ചേർക്കുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത ശേഷം ഓൺലൈൻ ആയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **തദ്ദേശ സ്വയംഭരണം**
2. **ഉദ്യോഗപ്പേര്** : **ലൈബ്രേറിയൻ ഗ്രേഡ് IV ആൻഡ് കൾച്ചറൽ അസിസ്റ്റന്റ്**
3. **ശമ്പളം** : **₹ 31100- 66800/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| ജില്ല | ഒഴിവുകൾ |
|---|---|
| **പത്തനംതിട്ട** | പ്രതീക്ഷിത ഒഴിവുകൾ |
| **പാലക്കാട്** | |
| **മലപ്പുറം** | |
| **കോഴിക്കോട്** | 0 4 (നാല്) |
| **വയനാട്** | 0 1 (ഒന്ന്) |
| **കണ്ണൂർ** | 0 1 (ഒന്ന്) |

മുനിസിപ്പൽ കോമൺ സർവ്വീസിലെ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുടെയും പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ തസ്തികയുടെയും റാങ്ക് പട്ടികകളിൽ നിന്നു ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ PWD Act 2016 പ്രകാരം ഓരോ ജില്ലയിലും മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ തദ്ദേശസ്വയംഭരണ വകുപ്പിലെ ലൈബ്രേറിയൻ ഗ്രേഡ് IV ആൻഡ് കൾച്ചറൽ അസിസ്റ്റന്റ് തസ്തികയ്ക്കായി അതത് ജില്ലകളിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ നിന്ന് അതേ ഭിന്നശേഷി വിഭാഗത്തിൽ നിന്നും അവരുടെ അഭാവത്തിൽ ഇതര ഭിന്നശേഷി വിഭാഗത്തിൽ നിന്നും അവരുടെയും അഭാവത്തിൽ പൊതു വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിന്ന് ലൈബ്രേറിയൻ തസ്തികയിലേക്കായി റിപ്പോർട്ട് ചെയ്തിട്ടുളള മൂന്ന് ഒഴിവുകൾ മേൽ കാണിച്ചിട്ടുള്ള കോഴിക്കോട് ജില്ലയുടെ ഒഴിവുകളിൽ ഉൾപ്പെടുന്നു.

**കുറിപ്പ്** :- (I) ഈ വിജ്ഞാപന പ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേക റാങ്ക് പട്ടിക തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ, ലിസ്റ്റിന്റെ കാലാവധി ഒരു വർഷമോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണോ ആദ്യം അതു വരെ പ്രാബല്യമുണ്ടായിരിക്കും.

(II) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27/05/1971-ലെ സർക്കാർ ഉത്തരവ്(എം.എസ്.) നമ്പർ.154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ച് വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിന് ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ.36/91/പി. & എ.ആർ.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ ഇതേ ഉദ്യോഗത്തിന് ഇതേ സ്ഥാപനത്തിൽ ഏതെങ്കിലും

ഒരു ജില്ലയിൽ ജോലിയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന/താഴ്ന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**(iii)** ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**(iv)** മേൽ തസ്തികയ്ക്ക് ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ നിന്ന് 4% ഒഴിവുകൾ 01.10.2023 തീയതിയിലെ G.O (P) No. 05/2023/SJD, 27/10/2022 തീയതിയിലെ G.O (P) No. 75/2022/LSGD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**(ലിങ്ക്)**

Present Order for Rights of Persons with Disabilities Act, 2016 Section 34 )

**5.** **നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6.** **പ്രായപരിധി** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1988-നും 01.01.2006-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സ് ഇളവ് ഉണ്ടായിരിക്കും.

കുറിപ്പ്:- യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

**7.** **യോഗ്യതകൾ** :-

**(i)** എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യതയും ലൈബ്രറി സയൻസിലുള്ള സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റും.

അല്ലെങ്കിൽ

**(ii)** എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യതയും ലൈബ്രറി സയൻസിലുള്ള ഡിപ്ലോമയും.

അല്ലെങ്കിൽ

**(iii)** ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിലുള്ള ബിരുദം.

**<u>കുറിപ്പ് :</u>** **(i)** KS & SSR പാർട്ട് II റൂൾ 10 (a) (ii) ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്

**(ii)** ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ വിശേഷാൽ ചട്ടങ്ങളിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്.തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8.** **<u>അപേക്ഷകൾ സമർപ്പിക്കേണ്ട രീതി</u> :**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ആറ്(6) മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ അപ്-ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റതവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതിവരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺ ലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

**(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി : 29.01.2025 ബുധനാഴ്ച രാത്രി 12 മണി വരെ**

10. **അപേക്ഷകൾ സമർപ്പിക്കേണ്ട വെബ് സൈറ്റ് വിലാസം** : www.keralapsc.gov.in

11. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

**(I)** SSLC ബുക്കിലെ ജാതി/സമുദായം സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി/സമുദായം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരികൾ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ജാതി/സമുദായ വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ അസ്സൽ എന്നിവ ബന്ധപ്പെട്ട തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ OTR വെരിഫിക്കേഷൻ സമയത്ത് തന്നെ ഹാജരാക്കേണ്ടതാണ്.

**(II)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**(III)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള

പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള നിർദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട്-2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക.)**

**സാജു ജോർജ്ജ്**

സെക്രട്ടറി
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**